I ഇ.ബി. XV - കേരള നിയമസഭ/VIII-5

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 ഫെബ്രുവരി 6, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 4577-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 29-10-2021-ലെ നക്ഷത്ര ചിഹ്നമിടാത്ത 4577-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം വനം-വന്യജീവി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അറിയിപ്പ്

(1) ഗവർണറുടെ സന്ദേശം

2023 ഫെബ്രുവരി 2-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ നൽകിയ

മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

(2) അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ

കാര്യോപദേശക സമിതി നിർദ്ദേശമനുസരിച്ച് ഫെബ്രുവരി 8-ാം തീയതി ഉച്ചയ്ക്ക് പന്ത്രണ്ട് മണിക്ക് സഭാസമ്മേളനം അൽപ്പസമയം നിർത്തിവച്ചശേഷം ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ പതിനഞ്ചാം കേരള നിയമസഭയിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി എടുക്കാനുദ്ദേശിക്കുന്ന ഗ്രൂപ്പ് ഫോട്ടോയ്ക്കായി എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും എത്തിച്ചേരണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## III. അടിയന്തരപ്രമേയം

ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിലെ വീഴ്ച

മി. സ്പീക്കർ: സംസ്ഥാനത്ത് ഭക്ഷ്യവിഷബാധമൂലമുള്ള മരണവും ഭക്ഷ്യ സുരക്ഷാ വീഴ്ചകളും വർദ്ധിക്കുകയും ഹെൽത്ത് കാർഡ് വിതരണം അട്ടിമറിക്കപ്പെടുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, അൻവർ സാദത്ത്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ

50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നിയമം കർശനമായി നടപ്പാക്കുന്നതിനുമായി വകുപ്പ് ജനകീയ ക്യാമ്പയിൻ ആരംഭിക്കുകയും അതിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ പരിശോധനകളിൽ ഗണ്യമായ വർദ്ധനവുണ്ടാവുകയും ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം കണ്ടെത്തുന്നതിനുള്ള ഭക്ഷ്യ പരിശോധനാ യജ്ഞങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയും ചെയ്യുന്നുണ്ട്. വീഴ്ചകൾ കണ്ടെത്തുന്നപക്ഷം സ്ഥാപനങ്ങൾ മാനദണ്ഡപ്രകാരം അടച്ചുപൂട്ടാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യവിഷബാധമൂലമുള്ള മരണം സംഭവിക്കാതിരിക്കുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. 2023 ഫെബ്രുവരി 1-ാം തീയതി മുതൽ ഭക്ഷണം പാചകം/വിതരണം ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കാൻ തീരുമാനിച്ചെങ്കിലും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികൾ ഹെൽത്ത് കാർഡെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടതുകൊണ്ടും ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ തിരക്കുണ്ടായതുകൊണ്ടുമാണ് സാവകാശം നൽകിയത്. നിയമം കർശനമായി നടപ്പാക്കാനാണ് സർക്കാർ

തീരുമാനിച്ചിട്ടുള്ളത്. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയെന്ന ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് പ്രതിപക്ഷം ഒപ്പമുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: ഹെൽത്ത് കാർഡുമായി ബന്ധപ്പെട്ട വിഷയമാണ് അടിയന്തരപ്രമേയമായി അവതരിപ്പിച്ചിട്ടുള്ളത്. ഭക്ഷ്യ വിഷബാധയും അതിനെ തുടർന്നുള്ള മരണങ്ങളും കേരളത്തിൽ തുടർക്കഥയാവുകയാണ്. ഭക്ഷ്യ വിഷബാധയേറ്റ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായി ജീവിതം ദുരിതത്തിലായ നൂറുകണക്കിനാളുകൾ ഇന്ന് കേരളത്തിലുണ്ട്. ഹെൽത്ത് കാർഡ് അനുവദിക്കുന്നതിനുമുമ്പ് നടത്തേണ്ട പരിശോധനകൾ യഥാവിധി നടത്താതെ ഉദ്യോഗസ്ഥർ മുന്നൂറ് രൂപ വാങ്ങി ഹെൽത്ത് കാർഡ് നൽകുന്ന നിലയിലുള്ള കെടുകാര്യസ്ഥതയാണ് ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാനിടയാക്കുന്നത്. ഭക്ഷ്യസുരക്ഷാ മേഖലയിൽ ഡാറ്റാബേസും ഹെൽത്ത് കാർഡും വേണമെന്നുള്ള നിയമസഭാ സമിതിയുടെ ശിപാർശകൾക്ക് കടലാസിന്റെ വില പോലും നൽകാത്തതും ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയുമാണ് ഈ ദുരവസ്ഥയ്ക്ക് കാരണമായി സൂചിപ്പിക്കാനുള്ളത്. ഹെൽത്ത് ഓഫീസർമാരുടെ ഫോൺ നമ്പരുകൾ

ഭക്ഷണശാലകളിൽ നിർബന്ധമായും പ്രദർശിപ്പിക്കണമെന്നുള്ള നിബന്ധനയും പാലിക്കപ്പെടുന്നില്ല. ഉദ്യോഗസ്ഥരുടെയും ലാബുകളുടെയും അഭാവവും ഭരണത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും സുസജ്ജമായ സിസ്റ്റത്തിന്റെ അഭാവവും ഇത്തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിക്കാനിടയാക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീമതി വീണാ ജോർജ്: FSSA-യുടെ റഗുലേഷൻ പ്രകാരം ഭക്ഷണമുണ്ടാക്കുന്നവർക്കും വിളമ്പുന്നവർക്കും ഹെൽത്ത് റെക്കോർഡ് വേണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്. ഈ നിയമത്തിൽ അനുശാസിക്കുന്ന കാര്യങ്ങൾ കർശനമായി നടപ്പാക്കാൻ സംസ്ഥാനതലത്തിൽ വിളിച്ചുചേർത്ത യോഗത്തിൽ ബന്ധപ്പെട്ട സംഘടനാപ്രതിനിധികൾ വളരെ പോസിറ്റീവായാണ് പ്രതികരിച്ചത്. പണം വാങ്ങി ഹെൽത്ത് കാർഡ് നൽകിക്കൊണ്ട് സർക്കാരെടുത്ത തീരുമാനത്തെ അട്ടിമറിക്കുന്ന സമീപനം സ്വീകരിച്ചവർക്കെതിരെ കർശനനടപടി സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പരിശോധനകൾ പലമടങ്ങ് വർദ്ധിപ്പിക്കാനും ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഉറപ്പാക്കാൻ വ്യാപകമായി ഡ്രൈവ് നടത്താനും സാധിച്ചിട്ടുണ്ട്. ലൈസൻസും ടോൾ ഫ്രീ നമ്പരും എല്ലാ ഭക്ഷണശാലകളിലും

പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പരിശോധനകൾ നടത്താനായി 3 റീജിയണൽ അനലറ്റിക്കൽ ലാബുകളും രണ്ടുമൂന്നുമാസത്തിനുള്ളിൽ അക്രഡിറ്റഡ് ആകുന്ന മൈക്രോ ബയോളജിക്കൽ ലാബും 14 ജില്ലകളിലും മൊബൈൽ ഭക്ഷ്യപരിശോധനാ ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റോറിയങ്ങളിൽ ലൈസൻസുള്ള കാറ്ററിംഗ് സ്ഥാപനങ്ങൾക്ക് മാത്രമേ ഭക്ഷണം നൽകാവൂ എന്നും പാഴ്സൽ ഭക്ഷണങ്ങളിൽ പാക്കിംഗ് തീയതിയും ഉപയോഗിക്കാവുന്ന സമയപരിധിയും നിർബന്ധമായും രേഖപ്പെടുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതവും മുന്നറിയിപ്പില്ലാത്തതുമായ പരിശോധനകൾക്കായി അഞ്ചംഗ സ്റ്റേറ്റ് ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഭക്ഷ്യപരിശോധനാഫലം ഓൺലൈനായി രേഖപ്പെടുത്തണമെന്നത് നിർബന്ധമാക്കുകയും ആരാധനാലയങ്ങളെ BHOG (Blissful Hygienic Offering to God)-ന് കീഴിൽ കൊണ്ടുവരികയും 20 എണ്ണത്തിന്റെ ഓഡിറ്റിംഗ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹൈജീൻ റേറ്റിംഗ് ഏർപ്പെടുത്തിയതിന്റെ ഭാഗമായി 1300-ഓളം ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഹൈജീൻ റേറ്റിംഗ്

ആപ്പും ഗ്രിവൻസ് പോർട്ടലും പ്രവർത്തനക്ഷമമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി 433 പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 1603 സ്കൂളുകളിൽ നടപ്പിലാക്കിയ സേഫ് ന്യൂട്രീഷ്യൻ ഫുഡ് അറ്റ് സ്കൂൾ പദ്ധതി 500 സ്കൂളുകളിലുംകൂടി വ്യാപിപ്പിക്കുന്നതാണ്. കേരളം സുരക്ഷിത ഭക്ഷണയിടം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV. ശ്രദ്ധക്ഷണിക്കൽ

(1) <u>കേന്ദ്ര വൈദ്യുതി ചട്ടഭേദഗതിമൂലമുള്ള വൈദ്യുതി നിരക്ക് വർദ്ധനവ്</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: വൈദ്യുതി വിതരണ മേഖല പൂർണ്ണമായും

സ്വകാര്യവൽക്കരിക്കാനും മൾട്ടിപ്പിൾ ലൈസൻസ് അനുവദിക്കുന്നതിനും ഒരേ പ്രദേശത്ത് ഒന്നിലേറെ സ്വകാര്യ കമ്പനികൾക്ക് വൈദ്യുതി വിതരണം നൽകുന്നതിനവസരം നൽകുന്നതിനുമാണ് കേന്ദ്ര സർക്കാർ വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിലൂടെ ഉദ്ദേശിക്കുന്നത്. വൈദ്യുതി നിരക്കുകൾ കേന്ദ്രീകൃതമായി പൂൾ ചെയ്ത് സ്വകാര്യ വൈദ്യുതി ഉല്പാദകർക്ക് ലാഭമുറപ്പുവരുത്താനും മാസംതോറും വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിന് അവസരമൊരുക്കാനും സ്വകാര്യ കമ്പനികൾ ഉല്പാദിപ്പിക്കുന്ന വിലകൂടിയ വൈദ്യുതി വില കുറവുള്ള വൈദ്യുതി ഉല്പാദകരുടെ വൈദ്യുതിയുമായി കൂട്ടിക്കലർത്തി വിലകുറച്ച് വിൽക്കാനും വിലകൂടിയ വൈദ്യുതി വാങ്ങുന്നതുമൂലമുള്ള അധിക ബാധ്യത ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ചാർജ്ജായി പിരിച്ചെടുക്കാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലെ അംഗങ്ങളെയും ചെയർപേഴ്സനെയും നിയമിക്കുന്നതിനുള്ള യോഗ്യത ഭേദഗതി ചെയ്ത് സ്വകാര്യ കമ്പനികളിലെ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനും വൈദ്യുതി മേഖലയിലെ സ്വകാര്യവൽക്കരണത്തെ ശക്തിപ്പെടുത്താനും വേണ്ടിയുള്ള ശ്രമമാണ് വൈദ്യുതി ചട്ടഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് രേഖപ്പെടുത്താനും ബദൽ നയങ്ങൾ ആവിഷ്കരിച്ച് ഇത്തരം നടപടികളെ

പ്രതിരോധിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പുതുക്കിയ വൈദ്യുതി ചട്ടഭേദഗതി പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ചെലവിലുണ്ടാകുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയുപയോഗിച്ച് പ്രതിമാസാടിസ്ഥാനത്തിൽ കണക്കാക്കി ഉപഭോക്താക്കൾക്ക് താരിഫിലൂടെ നൽകുന്നതിനാൽ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ വ്യത്യാസം വരും. ഒരോ സംസ്ഥാനത്തിനും ബാധകമായ ഫോർമുല തയ്യാറാക്കുന്നതിൽ അതത് റഗുലേറ്ററി കമ്മീഷനുകൾ താമസം വരുത്തുന്നപക്ഷം കേന്ദ്ര സർക്കാർ പൊതുവായി തയ്യാറാക്കിയ ഫോർമുല ഉപയോഗിക്കാമെന്നും ഇന്ധന ചെലവ്, വൈദ്യുതി വാങ്ങൽ ചെലവ്, പ്രസരണ ചെലവ് എന്നിവ കമ്മീഷൻ മുൻകൂട്ടി അംഗീകരിച്ച തുകയിൽനിന്നും വർദ്ധിച്ചാൽ ആയത് രണ്ടുമാസത്തിനുള്ളിൽ പിരിച്ചെടുക്കാനുമാണ് ഭേദഗതി നിർദ്ദേശം. യഥാസമയം സർച്ചാർജ്ജ് ഈടാക്കിയില്ലെങ്കിൽ ആയത് വിതരണ ലൈസൻസികളുടെ വീഴ്ചയായി കണക്കാക്കുകയും നിർദ്ദിഷ്ട സമയത്തിനുള്ളിൽ അധിക തുക

പിരിച്ചെടുത്തില്ലെങ്കിൽ ലൈസൻസിക്ക് പ്രസ്തുത തുക പിന്നീട് പിരിച്ചെടുക്കാൻ സാധിക്കാതെ വരികയും ചെയ്യും. ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കയും ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്നതിനോട് സംസ്ഥാനം യോജിക്കുന്നില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചെങ്കിലും ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചില്ല. വൈദ്യുതി മേഖലയിലെ ഉല്പാദനവിതരണ കമ്പനികൾക്കുണ്ടാകുന്ന എല്ലാ ചെലവുകളും യഥാസമയം ഉപഭോക്താക്കളിൽനിന്നും ഈടാക്കാനുള്ള സംവിധാനമൊരുക്കി സ്വകാര്യ മേഖലയിലെ കമ്പനികളെ വൈദ്യുതിവിതരണ രംഗത്തേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യമാണ് കേന്ദ്ര സർക്കാരിനുള്ളത്. ഇതിനെതിരെയുള്ള മുൻകരുതൽ മാർഗ്ഗമായി വൈദ്യുതി വില ഏറ്റവും കുറവുള്ള സ്രോതസ്സുകളിൽനിന്നും കരാറിലേർപ്പെട്ട് ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയും പുതിയ സാങ്കേതികവിദ്യയുള്ള സ്റ്റോറേജ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പഠനങ്ങൾ ഊർജ്ജിതമാക്കുകയും പ്രസരണവിതരണ നഷ്ടം പരമാവധി കുറയ്ക്കുകയും വിതരണ കമ്പനികളുടെ വൈദ്യുതി വാങ്ങൽ ചെലവിൽ അന്തർസംസ്ഥാന പ്രസരണചാർജ്ജ്

ഉൾപ്പെടുമെന്നതിനാൽ ഈ ഇനത്തിൽ ചെലവാകേണ്ടിവരുന്ന തുകയിൽ കുറവുവരുത്തുന്നതിന് ശ്രമിക്കുകയും ചെയ്യുന്നതാണ്. പുഗലൂർ-മാടക്കത്തറ എച്ച്.വി.ഡി.സി. ഇടനാഴി നാഷണൽ അസറ്റായി പരിഗണിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ഉപഭോക്താക്കളുടെയും വിതരണ കമ്പനികളുടെയും താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ സർചാർജ്ജ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ റഗുലേറ്ററി കമ്മീഷനെ സമീപിക്കുന്ന കാര്യം പരിഗണിക്കുകയും ചെയ്യുന്നതാണ്.

(2) ഉന്നത വിദ്യാഭ്യാസ രംഗം ആകർഷണീയമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. മഞ്ഞളാംകുഴി അലി: പുതുതലമുറ കോഴ്സുകളുടെ നടത്തിപ്പിന് തയ്യാറാകുന്ന സ്വകാര്യ/സഹകരണ കോളേജുകൾക്ക് അനുമതി നൽകാൻ സർക്കാർ തയ്യാറാകുന്നില്ല. സർവ്വകലാശാലകൾ യഥാസമയം പരീക്ഷകൾ നടത്താത്തതും സമയബന്ധിതമായി റിസൽട്ട് പ്രഖ്യാപിക്കാത്തതും വിദ്യാർത്ഥികളുടെ അക്കാദമികവും തൊഴിൽപരവുമായ പുരോഗതിക്ക് തടസ്സമാകുന്നതിനാൽ വിദ്യാർത്ഥികൾക്ക് അവർ ആഗ്രഹിക്കുന്ന വിദ്യാഭ്യാസം കേരളത്തിൽത്തന്നെ ലഭ്യമാക്കാനും ഉന്നത വിദ്യാഭ്യാസരംഗം ആകർഷണീയമാക്കാനുമാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ കോളേജുകളുടെ പ്രവർത്തന സമയം രാവിലെ 8.30 മുതൽ

വൈകുന്നേരം 5 മണിവരെയാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഉന്നതവിദ്യാഭ്യാസ മേഖലയിലെ കാര്യക്ഷമതയില്ലായ്മയും പുതുതലമുറ കോഴ്സുകളുടെ അഭാവവുംമൂലമാണ് വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി വിദേശ രാജ്യങ്ങൾ തെരഞ്ഞെടുക്കുന്നതെന്ന വാദം ശരിയല്ല. കഴിഞ്ഞ 5 വർഷംകൊണ്ട് 3.3 ലക്ഷം കുട്ടികളാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേർന്നത്. അത്തരം വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ സാഹചര്യം ഒരുക്കിക്കൊടുക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 1000 കോടിയിൽപ്പരം രൂപയുടെ അടിസ്ഥാന സൗകര്യ വികസനങ്ങളൊരുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണത്തിനായി നിയമിച്ച മൂന്ന് കമ്മീഷനുകളുടെയും നിർദ്ദേശങ്ങൾ നടപ്പാക്കിവരികയാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ ഹബ്ബാക്കി കേരളത്തെ മാറ്റിയെടുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് ജോലി ചെയ്യാൻ കഴിയുന്ന രീതിയിൽ പാഠ്യപദ്ധതിയും സമയക്രമവും പരിഷ്കരിക്കുന്നതാണ്. ഇവയെല്ലാം ഉൾപ്പെട്ട കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്ക് തയ്യാറാക്കിവരികയാണ്.

വിദേശ രാജ്യങ്ങളിൽ ലഭിക്കുന്നുവെന്ന് കരുതപ്പെടുന്ന എല്ലാ സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് ഒരുക്കിക്കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ബ്രെയിൻ ഗെയിൻ എന്ന ലക്ഷ്യം മുൻനിർത്തി എത്രയുംവേഗം ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസ സാഹചര്യങ്ങൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉറപ്പാക്കിക്കൊണ്ട് പുറത്തുനിന്നുള്ള കുട്ടികളെ ഉൾപ്പെടെ കേരളത്തിലേയ്ക്ക് ആകർഷിക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. കോളേജുകളുടെ പ്രവർത്തനസമയം ദീർഘിപ്പിക്കുന്നതിലൂടെ അക്കാദമികമായ പഠനാന്തരീക്ഷം സൃഷ്ടിച്ച് കുട്ടികൾക്ക് സ്വയം പഠിക്കുന്നതിനുള്ള സൗകര്യം കലാലയങ്ങളിൽ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പുതുതലമുറ കോഴ്സുകൾക്ക് അപേക്ഷിച്ചിട്ടുള്ള സ്വകാര്യ കോളേജുകൾക്ക് യഥാസമയം അവ അനുവദിച്ചിട്ടുണ്ട്.

## V. സബ്മിഷൻ

### (1) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വെട്ടിക്കുറച്ച ഓണറേറിയം പുന:സ്ഥാപിക്കുന്നതിനും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും നടപടി

സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സമഗ്രശിക്ഷാ കേരളം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നുമാണ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിവരുന്നത്. അദ്ധ്യാപകരുടെ ശമ്പളത്തിനാവശ്യമായ തുക അവരുടെ എണ്ണത്തിന് ആനുപാതികമായല്ല ലഭിക്കുന്നത്. ഒഴിവുകളുടെ ശതമാനം കൂടുന്ന സാഹചര്യത്തിൽ അനുവദിക്കുന്ന ഗ്രാന്റിൽ ആനുപാതികമായി കുറവ് വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഈ വ്യവസ്ഥകൾപ്രകാരം വരും വർഷങ്ങളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളയിനത്തിൽ 5% വീതം കുറവ് വരുന്നതാണ്. സമഗ്രശിക്ഷാ കേരളം ഒരു കേന്ദാവിഷ്കൃത പദ്ധതി ആയതുകൊണ്ടും മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്തതുകൊണ്ടും കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്നതിൽ കൂടുതൽ തുക പ്രസ്തുത ഇനത്തിൽ ചെലവഴിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണുള്ളത്. എന്നിരുന്നാലും സംഘടനാ നേതാക്കളുടെ യോഗം വിളിച്ചുചേർത്ത് വേതന വർദ്ധനവിന്റെ കാര്യം ചർച്ച ചെയ്യുകയും ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന 10000 രൂപയ്ക്കുപുറമേ എസ്.എസ്.കെ.-യുടെ ഏതെങ്കിലും ഫണ്ട് അഡ്ജസ്റ്റ് ചെയ്ത് 2000 രൂപകൂടി വർദ്ധിപ്പിച്ചുനൽകാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംഘടനാ

നേതാക്കളുടെ യോഗം ഒരിക്കൽക്കൂടി വിളിച്ചുചേർത്ത് കുറച്ചുകൂടി വർദ്ധനവ് അനുവദിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(2) കരിച്ചാൽക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എ. സി. മൊയ്തീൻ: കരിച്ചാൽക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ടെൻഡർ നടപടി സ്വീകരിച്ച് പണി അടിയന്തരമായി പൂർത്തീകരിക്കുന്നതിനും നിലവിലുള്ള കരാർ കമ്പനിക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കരിച്ചാൽക്കടവ് ചെക്ക് ഡാമിന്റെ പണിക്ക് ഭരണാനുമതി നൽകിയിട്ട് നാല് വർഷങ്ങൾ കഴിഞ്ഞെങ്കിലും അത് ഏറ്റെടുത്ത കരാറുകാരന് 30% പണിപോലും പൂർത്തീകരിക്കാൻ സാധിക്കാതെവരികയും കാലാവധി അവസാനിച്ചതിനെ തുടർന്ന് കരാർ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടി പുന:ക്രമീകരിക്കുന്നതിന് കാലതാമസമുണ്ടാകാതിരിക്കാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതും ടി പ്രവൃത്തി മോണിറ്റർ ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(3) <u>ബേക്കൽ ടൂറിസം റിസോർട്ട് സൈറ്റുകളിലെ നിർമ്മാണ പ്രവൃത്തികൾ</u>

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> ബേക്കൽ ടൂറിസം റിസോർട്ട് സൈറ്റുകളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാത്ത കമ്പനികളുടെ ലീസ് റദ്ദാക്കി പ്രസ്തുത സൈറ്റുകൾ പുനർലേലം ചെയ്യുന്നതിനും ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് ലഭിക്കാനുള്ള പാട്ടത്തുക കൃത്യമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി <u>(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)</u>: ബേക്കലിൽ പാട്ടക്കരാർ വ്യവസ്ഥയിൽ നൽകിയ 6 റിസോർട്ടുകളിൽ രണ്ടെണ്ണം പൂർത്തീകരിക്കുകയും ഒരെണ്ണത്തിന്റെ നിർമ്മാണം ഒരുവർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പണിപൂർത്തിയാക്കാത്ത 2 സൈറ്റുകൾ ഏറ്റെടുത്ത് മറ്റ് സംരംഭകർക്ക് കൈമാറുന്നതിനും പാരിസ്ഥിതിക പ്രശ്നംമൂലം റിസോർട്ട് നിർമ്മാണം നടത്താൻ കഴിയാത്ത കൊളവയലിൽ ബേക്കൽ ടൂറിസ്റ്റ് വില്ലേജ് പദ്ധതി നടപ്പാക്കാനും ഉദ്ദേശിക്കുന്നു. പള്ളിക്കര ബീച്ച് പാർക്കിൽ പ്രോജക്ട് പൂർത്തീകരിക്കാനുള്ള നടപടി കെ.ടി.ഡി.സി. സ്വീകരിച്ചിട്ടുണ്ട്. വിനോദസഞ്ചാരികൾക്ക് മികച്ച താമസസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(4) നിലമ്പൂരിലെ വന്യമൃഗ ശല്യം

ശ്രീ. പി. വി. അൻവർ: നിലമ്പൂർ നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം തടയുന്നതിന് പദ്ധതി രൂപീകരിക്കുന്നതോടൊപ്പം ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): നിലമ്പൂർ നിയോജകമണ്ഡലത്തിൽ എലഫന്റ് പ്രൂഫ് ട്രഞ്ച് എന്ന പ്രവൃത്തിക്ക് വനംവകുപ്പിന്റെ ശീർഷകത്തിൽ തുക വകയിരുത്തുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി സൗരോർജ്ജ വേലി കെട്ടുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ഉന്നതതലയോഗം വിളിച്ചുചേർത്ത് ആയതിന് പരിഹാരം കണ്ടെത്തുന്നതാണ്.

(5) ഭവാനി വന്യജീവി സങ്കേതം

ശ്രീ. എൻ. ഷംസുദ്ദീൻ: സൈലന്റ്‌വാലി വന്യജീവി സങ്കേതത്തിന്റെ ബഫർസോൺ ഭവാനി വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിൽനിന്ന്

പിന്മാറുകയും തുടർനടപടികൾ നിർത്തിവയ്ക്കുകയും ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സൈലന്റ്‌വാലി ദേശീയ വന്യജീവി സങ്കേതത്തിന്റെ ബഫർസോൺ, ഭവാനി വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനായുള്ള പ്രൊപ്പോസലൊന്നും ഇതുവരെ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടില്ല.

## (6) കണ്ണശ്ശ സ്മാരക എച്ച്.എസ്.എസ്., പാലയ്ക്കൽതകിടി ജി.എച്ച്.എസ്. എന്നിവയുടെ കെട്ടിട നിർമ്മാണം

ശ്രീ. മാത്യു ടി. തോമസ്: കണ്ണശ്ശ സ്മാരക ഹയർസെക്കണ്ടറി സ്കൂൾ, പാലയ്ക്കൽതകിടി സെന്റ് മേരീസ് ഗവ. ഹൈസ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച തുക വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കണ്ണശ്ശ സ്മാരക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിലുൾപ്പെടുത്തി അഞ്ച് കോടി രൂപയുടെ ഭരണാനുമതി നൽകുകയും എസ്.പി.വി. ആയ 'കൈറ്റ് ' മുഖാന്തരം കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ നടത്തുകയും ചെയ്തെങ്കിലും ജി+2 നിർമ്മാണം സ്വീകാര്യമല്ലെന്ന് പരിശോധനയിൽ കണ്ടെത്തിയതിനെത്തുടർന്ന് പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്.

പാലയ്ക്കൽതകിടി സെന്റ് മേരീസ് ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകുകയും എസ്.പി.വി. ആയി ഇൻകെലിനെ ചുമതലപ്പെടുത്തുകയും പുതുക്കിയ പ്ലാനിന് സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണം ആരംഭിക്കുന്നതുമാണ്. ഈ വിഷയം ചർച്ച ചെയ്യാൻ പ്രത്യേക യോഗം വിളിക്കാവുന്നതാണ്.

(7) സംസ്ഥാന പെൻഷൻകാരുടെ പ്രശ്നങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സംസ്ഥാന പെൻഷൻകാരുടെ ക്ഷാമബത്ത ഉൾപ്പെടെയുള്ള കുടിശ്ശിക അനുവദിക്കുന്നതിനും മെഡിസെപ് പദ്ധതിയിലെ അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പതിനൊന്നാം ശമ്പള-പെൻഷൻ പരിഷ്കരണത്തെത്തുടർന്നുള്ള പെൻഷൻ കുടിശ്ശികയുടെ രണ്ട് ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ഗഡുക്കൾ അനുവദിക്കുന്നതിന് 2,800 കോടി രൂപയും ക്ഷാമാശ്വാസ കുടിശ്ശികയുടെ രണ്ട് ഗഡുക്കൾക്ക് 1,400 കോടി രൂപയും ആവശ്യമുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. മെഡിസെപ് ഗുണഭോക്താക്കളുടെ ഡാറ്റ സംബന്ധിച്ച

പരാതികൾ പരിഹരിച്ചിട്ടുണ്ട്. രോഗികളിൽനിന്നും അഡ്വാൻസായി തുക സ്വീകരിക്കുന്ന എംപാനൽഡ് ആശുപത്രികളോട് വിശദീകരണമാവശ്യപ്പെടാനും ആവശ്യമെങ്കിൽ നിയമനടപടികൾ ഉൾപ്പെടെ സ്വീകരിക്കാനും ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്താനും എംപാനൽഡ് ആശുപത്രികളിലെ എല്ലാ ചികിത്സാ വിഭാഗവും പദ്ധതിക്ക് കീഴിൽ കൊണ്ടുവരുന്നതിനും പതിനഞ്ച് ദിവസം കൂടുമ്പോൾ ക്ലെയിം സെറ്റിൽമെന്റ് പെർസന്റേജ് കണക്കുകൾ സർക്കാരിന് കൈമാറാനും മറ്റുപരാതികളിന്മേൽ വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കാനും ഇൻഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ ചികിത്സ തേടിയതിന്റെ ചെലവുകളും എംപാനൽഡ് ആശുപത്രികളിൽ പണമൊടുക്കി നടത്തുന്ന ചികിത്സയുടെയും തുക ഇൻഷ്വറൻസ് കമ്പനി റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നുണ്ട്.

## (8) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനാംഗീകാരം

ശ്രീ. ടി. വി. ഇബ്രാഹിം: എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനും ഭിന്നശേഷി സംവരണത്തിലെ

മാനദണ്ഡങ്ങൾ പാലിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): എയ്ഡഡ് മേഖലയിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധി അനുസരിച്ച് കേഡർ സ്റ്റ്രെംഗ്തിലെ മൊത്തം ഒഴിവുകളിന്മേൽ 2019 മേയ് 7-ലെ സർക്കാർ ഉത്തരവുപ്രകാരം നിയമനം നടത്തണമെന്ന് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ 2018-ലെ ഉത്തരവിനുശേഷം നടത്തിയ നിയമനങ്ങളിൽ അംഗീകാരം നൽകാത്തവയ്ക്ക് ബാക്ക്‌ലോഗ് നികത്തിയശേഷം മാത്രമേ അംഗീകാരം നൽകാൻ പാടുള്ളൂവെന്നും ഇതിനോടകം അംഗീകാരം നൽകിക്കഴിഞ്ഞ നിയമനങ്ങൾ പുനഃപരിശോധിക്കേണ്ടതില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഭിന്നശേഷി സംവരണം നടപ്പിലാക്കാൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെയും കത്തിന്റെയും അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. 2018 നവംബർ 18 മുതലുള്ള ഒഴിവുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തിയാൽ മാത്രമേ റെഗുലർ നിയമനങ്ങൾ അംഗീകരിക്കാൻ കഴിയുകയുള്ളൂ. ഈ വിധിക്കെതിരെ ഫയൽ ചെയ്ത ഹർജികളിന്മേൽ ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുപ്രകാരം നിലവിലെ

ഒഴിവുകൾ അഡ്ജസ്റ്റ് ചെയ്തുകൊണ്ടും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വിധിയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും മറ്റ് നിയമനങ്ങൾക്ക് അംഗീകാരം നൽകാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിൽനിന്നും നിയമോപദേശം ലഭ്യമാകുന്ന മുറയ്ക്ക് നിയമനങ്ങൾ അംഗീകരിക്കുന്ന കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(9) ചെറുകിട തോട്ടം തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കൽ

ശ്രീ. എ. രാജ: ചെറുകിട തോട്ടം തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ചെറുകിട തോട്ടം മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയുടെ രണ്ടാമത്തെ ഉപസമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവിറക്കിയിരുന്നുവെങ്കിലും 2023 ജനുവരി 21-ന് ബോർഡിന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് തെളിവെടുപ്പുകൾ നിർത്തിവച്ചു. ബോർഡ് പുനഃസംഘടിപ്പിച്ച്, ഉപസമിതികൾ രൂപീകരിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി ചർച്ചകൾ മുഖേന

തോട്ടം തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വേതനം പുതുക്കി നിശ്ചയിക്കണമെന്ന സംയുക്ത ട്രേഡ് യൂണിയന്റെ ആവശ്യത്തിന്മേൽ നിരവധി ചർച്ചകൾ നടത്തിയെങ്കിലും കൂലി വർദ്ധനവിന്റെ കാര്യത്തിൽ സമവായത്തിലെത്താൻ കഴിയാത്ത സാഹചര്യത്തിൽ 2023 മാർച്ച് 4-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

(10) കാലിത്തീറ്റയിൽ നിന്നുണ്ടായ വിഷബാധ

ശ്രീ. മോൻസ് ജോസഫ്: കാലിത്തീറ്റയിൽ നിന്നുണ്ടായ വിഷബാധമൂലം പശുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിനും കെ.എസ്. സുപ്രീം കാലിത്തീറ്റ പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കാലിത്തീറ്റമൂലമുണ്ടായ ഭക്ഷ്യവിഷബാധയുടെ ചികിത്സാ പുരോഗതി ചീഫ് വെറ്ററിനറി ഓഫീസറുടെ നേതൃത്വത്തിൽ

വിലയിരുത്തിയിട്ടുണ്ട്. കടുത്തുരുത്തി മുളക്കുളം പഞ്ചായത്തിലെ ശ്രീ. ബേബി ജോസഫ് വട്ടക്കേരി എന്ന ക്ഷീരകർഷകന്റെ ഫാമിൽ വെറ്ററിനറി ഡോക്ടർമാരുടെ സംഘം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. വിവിധ ജില്ലകളിലായി 657 പശുക്കൾക്ക് രോഗബാധയേൽക്കുകയും 8 എണ്ണം മരണമടയുകയും ചെയ്തതായാണ് റിപ്പോർട്ട്. ഈ വിഷയം സംബന്ധിച്ച് ശ്രീ. ബേബി ജോസഫ് വട്ടക്കേരി കടുത്തുരുത്തി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരികയാണ്. പശുവിന്റെ മൃതശരീരം പോസ്റ്റ്മോർട്ടം നടത്തി സാമ്പിളുകൾ തിരുവനന്തപുരം കെമിക്കൽ ലബോറട്ടറിയിൽ പരിശോധന നടത്തി തുടരന്വേഷണം നടത്തിവരികയാണ്. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ഉരുക്കൾക്ക് കണ്ടിജൻസി ഫണ്ടിൽനിന്ന് 15,000 രൂപയുടെ ആശ്വാസ ധനസഹായം മാത്രമേ നൽകാൻ കഴിയുകയുള്ളൂ. കാലിത്തീറ്റയുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധനാറിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. കേരളത്തിൽ വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിയമം കൊണ്ടുവരുന്നതാണ്.

## VI. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII. പ്രതിപക്ഷ മെമ്പർമാരുടെ സത്യാഗ്രഹ സമരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ചരിത്രത്തിലെ ഏറ്റവും മോശമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രളയം, കോവിഡ് മഹാമാരി ഉൾപ്പെടെയുള്ള പ്രതിസന്ധികളിൽ തകർന്നിരിക്കുന്ന കേരളത്തിലെ ജനങ്ങൾക്കുമേൽ പ്രത്യക്ഷ-പരോക്ഷ നികുതിയിനങ്ങളിലായി 4,000 കോടി രൂപയുടെ അധിക ബാധ്യത അടിച്ചേൽപ്പിച്ചിരിക്കുകയാണ്. അശാസ്ത്രീയമായ നികുതി നിർദ്ദേശങ്ങൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ തകിടം മറിക്കുന്നതാണ്. സർക്കാരിന്റെ വികലവും അന്യായവുമായ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, നജീബ് കാന്തപുരം, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ എന്നിവർ നിയമസഭാ കവാടത്തിനുമുമ്പിൽ സത്യാഗ്രഹ സമരം ആരംഭിക്കുന്ന വിവരം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(സഭാ കവാടത്തിൽ സത്യാഗ്രഹ സമരം ആരംഭിക്കുന്ന അംഗങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായാണ് പരിമിതമായ തോതിൽ നികുതി വർദ്ധന കൊണ്ടുവന്നിട്ടുള്ളത്. കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട 2700 കോടിയോളം രൂപ വെട്ടിക്കുറയ്ക്കുകയും മൂന്നുമാസത്തെ ബോറോയിംഗ് പരിധി 937 കോടി രൂപയായി നിജപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് 7 തവണ നികുതിയും 17 തവണ പെട്രോളിന്റെ നികുതിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പെട്രോൾ നികുതി വർദ്ധിപ്പിച്ചിട്ടില്ല. സർക്കാരിന്റെ സാമൂഹ്യ-സേവന-വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന പ്രതിപക്ഷ നിലപാട് സംസ്ഥാന താൽപ്പര്യങ്ങൾക്കെതിരും ദൗർഭാഗ്യകരവുമാണ്.

# IX. ധനകാര്യം

## 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനമുന്നേറ്റത്തിൽ കേന്ദ്രം തടയിടുമ്പോൾ അതിനെ മുഖവിലയ്ക്കെടുക്കാതെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം ലക്ഷ്യം വച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നോട്ട് നിരോധനം, അശാസ്ത്രീയമായ ജി.എസ്.ടി. നടപ്പാക്കൽ, ഓഖി ദുരന്തം, പ്രളയത്തുടർച്ച, കോവിഡ് മഹാമാരി, യുദ്ധം, വിലക്കയറ്റം എന്നീ ദുരന്തപർവ്വങ്ങളെല്ലാം മറികടന്ന് അതിജീവനത്തിന്റെയും വീണ്ടെടുപ്പിന്റെയും സ്വപ്നം യാഥാർത്ഥ്യമാക്കിയ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ തുടങ്ങി ബഡ്ജറ്റിന് പുറത്ത് ധനം സമാഹരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണെന്ന കേന്ദ്ര നിലപാടിൽനിന്നും കേരളത്തെ രക്ഷിക്കാനാണ് ബഡ്ജറ്റിലൂടെ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. കേന്ദ്ര സർക്കാർ നികുതി വർദ്ധിപ്പിച്ച് മുഴുവൻ കയ്യടക്കുകയും കേരളത്തിന് അർഹമായ വിഹിതം നിഷേധിക്കുകയും ചെയ്യുമ്പോൾ പരിമിതമായ വിഭവ സമാഹരണത്തിലൂടെ ക്ഷേമ പെൻഷൻ കുടിശ്ശിക വരുത്താതിരിക്കാനും ജനക്ഷേമത്തിനും നാടിന്റെ

വികസനത്തിനും വേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. കേന്ദ്രം നൽകേണ്ട നികുതി വരുമാനത്തിൽ 15000 കോടി രൂപയുടെയും റവന്യൂ കമ്മിയിനത്തിൽ 700 കോടി രൂപയുടെയും നഷ്ടമാണ് കേരളത്തിനുണ്ടായിട്ടുള്ളത്. കേന്ദ്രസർക്കാർ പെട്രോളിനും പാചകവാതകത്തിനും അടിക്കടി വിലവർദ്ധിപ്പിച്ചിട്ടും പ്രതികരിക്കാതെ സംസ്ഥാന ബഡ്ജറ്റിനെതിരെ സമരം ചെയ്യുന്ന പ്രതിപക്ഷ നിലപാട് ഖേദകരമാണ്. റിട്ടയർ ചെയ്ത മാധ്യമപ്രവർത്തകരുടെ വെട്ടിക്കുറിച്ച പെൻഷൻ തുക പുനഃസ്ഥാപിക്കാനും എല്ലാം മാസവും 5-ാം തീയതി പെൻഷൻ ലഭ്യമാക്കുന്നതിനും ആശ്രിതപെൻഷൻ കാലോചിതമായി പരിഷ്കരിക്കാനും ആശാവർക്കറുടെ ഓണറേറിയം വർദ്ധിപ്പിച്ച് അവരെ സ്ഥിരം ജീവനക്കാരായി നിയമിക്കാനും കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യം പരിഷ്കരിക്കാനും കുടിശ്ശിക കൊടുത്തുതീർക്കാനും സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിക്കാനും ക്ഷാമബത്താ കുടിശിക നൽകാനും മെഡിസെപിലെ അപാകതകൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം. പന്തളം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കാനും അവിടെയൊരു സാംസ്കാരിക സമുച്ചയത്തിനുള്ള പണം അനുവദിക്കാനും അടൂരിൽ വ്യവസായ വകുപ്പിനുകീഴിലുള്ള

സ്ഥലത്ത് വ്യവസായ പാർക്ക്/ഐ.ടി. പാർക്ക് സ്ഥാപിക്കാനും മരമടി മത്സരം നടത്തുന്നതിന് നിയമനിർമ്മാണം കൊണ്ടുവരാനും നടപടിയുണ്ടാകണം.

ശ്രീ. പി. നന്ദകുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാരിന്റെ നയങ്ങൾമൂലം പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമുതകുന്ന ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. കേരളം കടക്കെണിയിലാണെന്ന് പ്രചാരണം നടത്തുന്നവർ കേന്ദ്ര നയത്തിനെതിരെ പ്രതികരിക്കാത്തത് ഖേദകരമാണ്. കേന്ദ്രവിഹിതം ഗണ്യമായി കുറഞ്ഞിട്ടും ക്ഷേമ പദ്ധതികളിൽ ഗവൺമെന്റ് കുറവ് വരുത്തിയിട്ടില്ല. അടിസ്ഥാന സൗകര്യ വികസനം, സ്വകാര്യ നിക്ഷേപമാകർഷിക്കാനുള്ള പദ്ധതികൾ, മേക്ക് ഇൻ കേരള, വിഴിഞ്ഞം തുറമുഖ ഇടനാഴി എന്നിവയിലൂടെ വ്യാവസായിക കുതിച്ചുചാട്ടമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. റബ്ബർ സബ്സിഡിയും നാളികേരത്തിന്റെ താങ്ങുവിലയും വർദ്ധിപ്പിച്ചതും വിപണി ഇടപെടലിന് 2000 കോടി രൂപ നീക്കിവച്ചതും പരമ്പരാഗത തൊഴിൽ മേഖലകൾക്ക് സഹായം പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. അതിദാരിദ്ര്യം ഇല്ലാതാക്കാനുള്ള പദ്ധതികളും എല്ലാവർക്കും നേത്രാരോഗ്യമെന്ന

ലക്ഷ്യത്തോടെ ആരംഭിച്ച 'നേർക്കാഴ്ച' പദ്ധതിയും ശ്ലാഘനീയമാണ്. നാളികേരം സംഭരിക്കാൻ സംവിധാനമൊരുക്കുകയും കള്ളുചെത്ത് തൊഴിലാളികൾക്ക് സഹായമനുവദിക്കുകയും ആശാവർക്കർമാരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കുകയും വേണം. പൊതുഗതാഗത സംവിധാനം സംരക്ഷിക്കാനും പൊതുയാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാനും നടപടി സ്വീകരിക്കണം. ഭൂമിയുടെ ന്യായവില ഇരുപത് ശതമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ധൂർത്തും അനാവശ്യ ചെലവും ഒഴിവാക്കാനുള്ള നിർദ്ദേശങ്ങളും വരുമാന വർദ്ധനവിനുതകുന്ന പദ്ധതികളും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്നതിനുപകരം 4000 കോടി രൂപയുടെ അധിക നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനുള്ള തീരുമാനം അപലപനീയമാണ്. പെട്രോളിനും ഡീസലിനും രണ്ട് രൂപ വീതം സെസ്സ് ഏർപ്പെടുത്താനുള്ള നീക്കം ഉപേക്ഷിക്കണം. സി.&എ.ജി. കണക്കുപ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ പൊതുകടം 3,32,592 കോടി

രൂപയായി വർദ്ധിച്ചിരിക്കുകയാണ്.

<u>ശ്രീ. വി. ശശി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനാധിപത്യ പ്രക്രിയയിലൂടെ ബഡ്ജറ്റിന്മേൽ നിർദ്ദേശങ്ങളും ഭേദഗതികളും അവതരിപ്പിച്ച് സമഗ്രമായ ചർച്ചയ്ക്ക് വഴിയൊരുക്കുന്ന സമീപനമല്ല പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഫെഡറൽ അധികാരങ്ങളിന്മേലുള്ള കടന്നുകയറ്റവും വിവിധ ഇനങ്ങളിലായി ലഭിക്കേണ്ട ഗ്രാന്റിൽ വരുത്തിയ കുറവുമുൾപ്പെടെയുള്ള പ്രതികൂല സാഹചര്യത്തിലും പശ്ചാത്തല സൗകര്യ വികസന മേഖലയിലും സാമൂഹ്യസുരക്ഷാ ചെലവിനത്തിലും യാതൊരു മുടക്കവും സംസ്ഥാന ഗവൺമെന്റ് വരുത്തിയിട്ടില്ല. വിവിധ സംസ്ഥാന സർക്കാരുകളെ സഹകരിപ്പിച്ച് ഫെഡറൽ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമെന്നും ജി.എസ്.ടി. വകുപ്പിനെ പുന:സംഘടിപ്പിച്ച് നികുതി ഭരണം കാര്യക്ഷമമാക്കുമെന്നും വിഭവവിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുമെന്നും പെട്രോളിനും ഡീസലിനും ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിലൂടെ സമാഹരിക്കുന്ന തുക സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനായി ഉപയോഗപ്പെടുത്തുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> ബഡ്ജറ്റിനെ എതിർക്കുന്നു. ജനങ്ങളുടെ മേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റാണിത്. ഭരണ ധൂർത്തും സാമ്പത്തിക അച്ചടക്കമില്ലായ്മയും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ചരക്ക് സേവന നികുതി വകുപ്പ് പരിഷ്കരിക്കുന്നതിനും നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടില്ല. ഫെയർ വാല്യുവിലെ അപാകത പരിഹരിക്കാതെ ഭൂമിവില വർദ്ധിപ്പിച്ചത് അശാസ്ത്രീയമാണ്. റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. ആരോഗ്യമേഖല തകർച്ചയുടെ വക്കിലാണ്. ലൈഫ് മിഷൻ, നവ കേരള മിഷൻ തുടങ്ങിയ പദ്ധതികൾ അവതാളത്തിലായിരിക്കുകയാണ്. കിഫ്ബി ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പിനെ നവീകരിക്കുന്നതിനും കിഫ്ബിയെ പിരിച്ചുവിടാനും നടപടിയുണ്ടാകണം. സ്കോളർഷിപ്പ് കുടിശ്ശിക വിതരണം ചെയ്യുന്നതിനും ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്നതിനും മതിയായ ഫണ്ട് അനുവദിക്കണം.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. തനത് നികുതിവരുമാനം വർദ്ധിപ്പിക്കാനായതും ധനകമ്മിയും റവന്യൂ

കമ്മിയും കുറയ്ക്കാനായതും സർക്കാരിന്റെ മികച്ച ധനകാര്യമാനേജ്മെന്റിന്റെ ഫലമായാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിൽ വിഭാവനം ചെയ്ത ഈ ബഡ്ജറ്റ് കേരളത്തിലെ രണ്ടാം തലമുറ പ്രശ്നങ്ങളെ അഡ്രസ് ചെയ്യുന്നതും ദീർഘവീക്ഷണത്തോടുകൂടിയതുമാണ്.

ശ്രീ. മോൻസ് ജോസഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിലെ അധിക നികുതി നിർദ്ദേശങ്ങൾ സമസ്ത മേഖലകളെയും പ്രതിസന്ധിയിലാക്കുന്നതാണ്. റബ്ബറിന്റെ വിലസ്ഥിരത ഫണ്ട് വർദ്ധിപ്പിക്കുന്നതിനും നെല്ല് സംഭരണത്തിലെ കുടിശ്ശിക വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. നാളികേര സംഭരണം പൂർണ്ണ പരാജയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓരോ മണ്ഡലത്തിലും പ്രഖ്യാപിച്ച കിഫ്ബി പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും 'ഗ്രാമവണ്ടി' പദ്ധതിക്ക് എം.എൽ.എ. ഫണ്ട് അനുവദിക്കാനുള്ള സാഹചര്യമൊരുക്കുകയും ചെയ്യണം.

ശ്രീ. കെ. പ്രേംകുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വിവിധ ക്ഷേമ പദ്ധതികൾക്കുൾപ്പെടെ ഫണ്ട് വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നടപടിക്കെതിരെ ശബ്ദമുയർത്താത്ത പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്. സംസ്ഥാന

ബഡ്ജറ്റിൽ വിലക്കയറ്റം തടയാൻ 2000 കോടി രൂപയും തൊഴിലുറപ്പിന് 230 കോടി രൂപയും കാർഷിക മേഖയിൽ 1380 കോടി രൂപയും നീക്കിവച്ചത് പ്രശംസനീയമാണ്. പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ നെല്ല് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാനും നാളികേരത്തിന്റെ താങ്ങുവില 34 രൂപയും റബ്ബർ സബ്സിഡി 600 കോടി രൂപയുമാക്കി വർദ്ധിപ്പിക്കാനും പട്ടികവർഗ്ഗ വികസനത്തിന് 860 കോടി രൂപ അനുവദിക്കാനുമുള്ള തീരുമാനം ശ്ലാഘനീയമാണ്. അതിദാരിദ്ര്യം തുടച്ചുനീക്കാനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും ഗൾഫ് മലയാളികളുടെ ഉയർന്ന വിമാനക്കൂലി പ്രശ്നം പരിഹരിക്കാനുമുള്ള ബഡ്ജറ്റ് പ്രഖ്യാപനങ്ങളെ സ്വാഗതം ചെയ്യുന്നു. നികുതി പിരിവിൽ മുൻ വർഷത്തേക്കാൾ 25 ശതമാനം വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. തുടർസാക്ഷരതാ പ്രേരക്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ആശാവർക്കർമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജി.എസ്.ടി. കോമ്പൻസേഷൻ കൃത്യമായി അനുവദിക്കാതെയും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ ഞെരുക്കുമ്പോഴും സമസ്ത മേഖലകളിലും പുരോഗതി കൈവരിക്കാനുതകുന്ന പദ്ധതികളാണ്

ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ച നടപടിയെ അഭിനന്ദിക്കുന്നു. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കുന്നതിന് തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. റബ്ബർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള റബ്ബർ ലിമിറ്റഡ് കമ്പനി രൂപീകരിച്ചതും യുവാക്കളെ റബ്ബറധിഷ്ഠിത വ്യവസായത്തിലേയ്ക്ക് ആകർഷിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചതും നാളികേരത്തിന്റെ സംഭരണവില വർദ്ധിപ്പിച്ചതും റബ്ബറിന്റെ വില സ്ഥിരത ഉറപ്പാക്കുന്നതിനും കയർ-കശുവണ്ടി മേഖലകളുടെ ആധുനികവത്കരണത്തിനും ലൈഫ് മിഷൻ പദ്ധതിക്കും തുക വകയിരുത്തിയതും ശ്ലാഘനീയമാണ്. പ്രവാസികളുടെ അടഞ്ഞുകിടക്കുന്ന വീടുകൾക്ക് ഏർപ്പെടുത്തിയ നികുതി ഒഴിവാക്കാനും എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വിജിൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഹയർ എഡ്യുക്കേഷൻ ഹബ്ബാക്കി മാറ്റിയതും 21 പൊതുമേഖല സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചതും സംരംഭക വർഷം പദ്ധതിയിലൂടെ 2 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതും തനത്

നികുതി വരുമാനത്തിലും ആഭ്യന്തരോത്പാദനത്തിലും വർദ്ധനവുണ്ടാക്കാൻ സാധിച്ചതും എടുത്തുപറയത്തക്കതാണ്. കേന്ദ്ര സർക്കാർ റവന്യൂ കമ്മി ഗ്രാന്റിൽ കുറവ് വരുത്തിയതും പബ്ലിക് അക്കൗണ്ട് കടബാധ്യതയായി കണക്കാക്കിയതും ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിപ്പിച്ചതും ബഡ്ജറ്റിന് പുറത്ത് ധനം സമാഹരിക്കുന്ന സ്ഥാപനങ്ങളുടെ ബാധ്യത സംസ്ഥാനത്തിന്റെ ബാധ്യതയായി പരിഗണിച്ചതും കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തിയതും സാമ്പത്തിക സ്ഥിതി തകരാൻ കാരണമായിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി തുക വകയിരുത്തിയ നടപടി അഭിനന്ദനാർഹമാണ്. കേന്ദ്ര സർക്കാർ നിഷേധിച്ച ഒ.ബി.സി. ന്യൂനപക്ഷ സ്കോളർഷിപ്പ് പുനഃരാരംഭിക്കാൻ തീരുമാനിച്ചതും വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് തുക മാറ്റിവച്ചതും കർഷകരെയും കാർഷികമേഖലയെയും സംരക്ഷിക്കാൻ  നടപടി സ്വീകരിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. പി. വി. അൻവർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാരിന്റെ വർഗ്ഗീയതയ്ക്കെതിരെയും തെറ്റായ സാമ്പത്തിക നയങ്ങൾക്കെതിരെയും കർഷകദ്രോഹ നടപടികൾക്കെതിരെയും യാതൊരു നിലപാടും കോൺഗ്രസ്സ് സ്വീകരിച്ചിട്ടില്ല. കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന് യാതൊരു പരിഗണനയും ലഭിച്ചിട്ടില്ല.

<u>ശ്രീ. സജീവ് ജോസഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സ്വാശ്രയ കോളേജുകൾക്കെതിരെ സമരം ചെയ്യുകയും വിദേശ സർവ്വകലാശാലകളെ സ്വാഗതം ചെയ്യുകയും ചെയ്യുന്ന നടപടി ഇടതുപക്ഷ സർക്കാരിന്റെ ആദർശങ്ങളെ കളങ്കപ്പെടുത്തുന്നതാണ്. ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കാത്തതും നാളികേരത്തിന്റെ താങ്ങുവില ഉയർത്താത്തതും കുടിശ്ശിക കൊടുത്തുതീർക്കാത്തതും വന്യമൃഗ ആക്രമണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാത്തതും ഇന്ധന സെസ്സ് ഏർപ്പെടുത്തിയതും പ്രതിഷേധാർഹമാണ്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വർദ്ധിപ്പിക്കുന്നതിനും ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പോളിടെക്നിക്കിന് ആവശ്യമായ തസ്തികകൾ അനുവദിച്ച് പ്രവർത്തനാനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ജെ. മാക്സി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കും സാമ്പത്തിക പ്രതിസന്ധികൾക്കും നടുവിലാണ് സർവ്വതലസ്പർശിയും നവീന ആശയങ്ങളാൽ സമ്പന്നവുമായ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. റബ്ബർ കർഷകർക്കുള്ള സബ്സിഡി വർദ്ധിപ്പിച്ചതും ഉന്നതവിദ്യാഭ്യാസരംഗത്തും 'മേക്ക് ഇൻ കേരള' പദ്ധതിക്കും നഴ്സിംഗ് കോളേജുകൾ ആരംഭിക്കാനും തുക വകയിരുത്തിയതും

നാളികേരത്തിന്റെ താങ്ങുവില വർദ്ധിപ്പിച്ചതും മാതൃകാപരമാണ്. മത്സ്യബന്ധനബോട്ടുകൾ ആധുനികവൽക്കരിക്കാനും അവയുടെ എഞ്ചിൻ പെട്രോൾ/ഡീസൽ എഞ്ചിനാക്കി മാറ്റുന്നതിനും മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ സമാശ്വാസ പദ്ധതിക്കും തുക വകയിരുത്തിയതും 'പുനർഗേഹം' പദ്ധതിയുടെ തുക വർദ്ധിപ്പിച്ചതും കുടുംബശ്രീക്കും ലൈഫ് മിഷന്റെ ഭാഗമായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും തുക വകയിരുത്തിയതും സ്വാഗതാർഹമാണ്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യ വികസനവും ഭാവി വികസന ക്ഷേമ പ്രവർത്തനങ്ങളും മുൻനിർത്തി അവതരിപ്പിച്ച ബഡ്ജറ്റിന് കേന്ദ്ര ഗവൺമെന്റ് സൃഷ്ടിച്ച സാമ്പത്തിക പ്രതിബന്ധങ്ങളെ ക്രിയാത്മകമായി മറികടന്ന് സംസ്ഥാനത്തെ വികസന പാതയിലൂടെ മുന്നോട്ടുനയിക്കാൻ സാധിക്കും. പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ പ്രതിസന്ധികളെ തരണം ചെയ്യുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത നിർമ്മാണ/വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ബഡ്ജറ്റിനുപുറത്തുനിന്ന് തുക കണ്ടെത്തിയതിനെ കേരളത്തിന് കടം നൽകാതിരിക്കുന്നതിനുള്ള കാരണങ്ങളായാണ് കേന്ദ്ര സർക്കാർ അവതരിപ്പിച്ചത്. തൃശ്ശൂർ കുറ്റിപ്പുറം റോഡിൽ അമലനഗറിലെ ഓവർബ്രിഡ്ജ്

നാലുവരിപ്പാതയാക്കുന്നതിനും പ്രസ്തുത റോഡിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് നിലവിൽ നടക്കുന്ന പ്രവൃത്തിയുടെ ഭാഗമാക്കി ഓവർബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനും വടക്കാഞ്ചേരിയിലെ ടൂറിസം സാധ്യതകൾ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഐ. ബി. സതീഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളം വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലേയ്ക്ക് തിരിച്ചുവന്നിരിക്കുന്നുവെന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. സയൻസ് പാർക്ക്, ഡിജിറ്റൽ സയൻസ് പാർക്ക് എന്നിവ ഈ മാസം പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. സംസ്ഥാനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറച്ച കേന്ദ്രസർക്കാരിന്റെ നടപടി അപലപനീയമാണ്. തൊഴിലുറപ്പ് പദ്ധതിയെ സംരക്ഷിക്കാനുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ജനങ്ങളുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്താനും സുസ്ഥിരവും ആധുനികവുമായ ഒരു നവകേരളം സൃഷ്ടിക്കാനുമുള്ള കാഴ്ചപ്പാടിലൂന്നിക്കൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ശ്രീ. എം. എസ്. അരുൺ കുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭാവികേരളത്തെ വിഭാവനം ചെയ്യുന്നതും സംസ്ഥാനത്തിന്റെ

വികസനയാത്രയ്ക്ക് കരുത്ത് പകരുന്നതുമായ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യവകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവും വിപണിയിൽനിന്നുള്ള കടമെടുപ്പ് പരിധി കുറച്ചതും സംസ്ഥാനത്തിനുള്ള കേന്ദ്രവിഹിതത്തിൽ കുറവുവരുത്തിയതും കാരണം സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും ഈ നാടിനെ മുന്നോട്ടുനയിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമായ നടപടിയുമായാണ് മുന്നോട്ടുപോകുന്നത്. ആരോഗ്യമേഖലയെ മെച്ചപ്പെടുത്തുന്നതിനും പുതിയ നഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. അടിസ്ഥാനസൗകര്യവികസനത്തിന് പണം കണ്ടെത്തുന്നതിൽ പരാജയപ്പെട്ട സർക്കാർ സമസ്ത മേഖലകളിലും നികുതി വർദ്ധിപ്പിച്ചുകൊണ്ട് ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. കിഫ്ബിക്കുവേണ്ടി വാങ്ങിയ കടം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന ധനകാര്യവകുപ്പുമന്ത്രി സാമ്പത്തിക മാനേജ്മെന്റിൽ പരാജയമാണ്. ന്യൂനപക്ഷ സ്കോളർഷിപ്പിനുള്ള വിഹിതം കുറച്ചതും വിധവകൾക്ക് വീട് നിർമ്മിക്കുന്നതിനും

മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമനിധി പെൻഷൻ നൽകുന്നതിനും ഗൾഫ് നാട്ടുകളിൽ വിദൂര പഠനകേന്ദ്രം തുടങ്ങുന്നതിനും അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്താത്തത് പ്രതിഷേധാർഹമാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ ബഡ്ജറ്റ് അവഗണിച്ചിരിക്കുകയാണ്. കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് ഗതാഗതയോഗ്യമാക്കുകയും പുത്തൂർ-ചിനയ്ക്കൽ ബൈപ്പാസ് യാഥാർത്ഥ്യമാക്കുകയും വേണം. കോട്ടയ്ക്കൽ ആര്യവൈദ്യശാല ആയുർവേദ സർവ്വകലാശാലയാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഉല്പാദനം വർദ്ധിപ്പിച്ചും വിഭവങ്ങളുടെ നീതിയുക്ത വിതരണം നടത്തിയും സാമൂഹ്യനീതിയിലധിഷ്ഠിതമായ മുന്നേറ്റം സൃഷ്ടിക്കാനാണ് ബഡ്ജറ്റ് ശ്രമിക്കുന്നത്. വ്യക്തമായ ഗൃഹപാഠം നടത്തിയാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. 15-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനങ്ങൾക്കുള്ള ഡിവിസിബിൾ പൂളിൽ കുറവുവരുത്തിയതിനാൽ വലിയ സാമ്പത്തിക നഷ്ടമാണ് കേരളത്തിനുണ്ടായിട്ടുള്ളത്. കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഹിതത്തിന്റെ 1.925% മാത്രമാണ് കേരളത്തിന് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ 1,600 രൂപ നിരക്കിൽ

സാമൂഹ്യക്ഷേമ പെൻഷനും കാരുണ്യ ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങളും നൽകുന്നുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്ത് ശക്തമായ ഇടപെടൽ നടത്തുന്നതിന് സർക്കാരിന് സാധിക്കുന്നുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ബഡ്ജറ്റിനെ എതിർക്കുന്നു. വരും വർഷങ്ങളിൽ നടപ്പാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പാരിസ്ഥിതിക രേഖ ബഡ്ജറ്റ് ഡോക്കുമെന്റ്സിൽ ഉൾപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1,000 കോടി രൂപയുടെ ഔട്ടർ റിംഗ് റോഡ് ഈ ബഡ്ജറ്റിലും ഉൾപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിൽ വാക്സിൻ നിർമ്മാണ കമ്പനി സ്ഥാപിക്കുമെന്ന പ്രഖ്യാപനം ഇതുവരെ നടപ്പാക്കാൻ സാധിച്ചിട്ടില്ല. സഭാ സമ്മേളനം നടന്നുകൊണ്ടിരിക്കെ വെള്ളക്കരം കൂട്ടിക്കൊണ്ട് ഉത്തരവിറക്കിയത് നിയമസഭയോടുള്ള അവഹേളനമാണ്. ലൈഫ് മിഷന് മുൻ വർഷത്തേക്കാൾ കുറഞ്ഞ തുകയാണ് ഈ വർഷം നീക്കിവച്ചിരിക്കുന്നത്. നെല്ല് സംഭരണം പൂർണ്ണ പരാജയമാണ്. കുണ്ടറയിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളം ആവശ്യപ്പെട്ട പദ്ധതികളൊന്നും കേന്ദ്ര ബഡ്ജറ്റിൽ അനുവദിച്ചിട്ടില്ല. റവന്യൂ കമ്മി ഗ്രാന്റ് വെട്ടിക്കുറയ്ക്കുകയും ജി.എസ്.ടി. നഷ്ടപരിഹാരം

നിർത്തലാക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ വായ്പാപരിധി വെട്ടിക്കുറച്ചു. ഭരണഘടന വിഭാവനം ചെയ്യുന്ന സഹകരണ ഫെഡറലിസം എന്ന അടിസ്ഥാന പ്രമാണത്തെ നിരാകരിക്കുന്ന നടപടികളാണ് കേന്ദ്ര ബഡ്ജറ്റിലൂടനീളം നിഴലിച്ചുകണ്ടത്. രാജ്യത്ത് 6.5 ശതമാനം സാമ്പത്തിക വളർച്ച രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്ത് 12.01 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് പുതിയ വ്യവസായ വികസന സംസ്കാരം വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകളുടെ കാര്യത്തിൽ സമാനതകളില്ലാത്ത നേട്ടമാണ് കേരളം കൈവരിച്ചിരിക്കുന്നത്. ഔട്ടർ റിംഗ് റോഡ് പ്രാവർത്തികമാകുന്നതോടെ 3 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

(സഭ വൈകുന്നേരം 3.25-ന് പിരിഞ്ഞു.)

******